അവശസമുദായ കുസ്ൃാനികം

* ന. ഭ. (ഫ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഫൻ൪ൻ ഒക്ടോബർ മ ൦-ാംതീ- കൂടിയ പിന്നോക്ക സമുദായ അഡൈ്വസറി കമ്മിറ്റിയിൽ അവശസമുദായ കുസ്ൃാനികംക്ക് പിന്നോക്ക സമുദായ സംരക്ഷക ഡിപ്പാ൪ട്ടുമെൻറിൽനിന്നും സഹായധനം നൽകേണ്ടതില്ലെന്ന തീരുമാനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു നടപ്പിൽ വന്നിട്ടുണ്ടോ; അതേപ്പറ്റി പുനഃപരിശോധന ചെയ്തിട്ടുണ്ടോ;

(ബി) ഫൻമ മ ജൂൺ ന൭ാംതീ-ൽ കൂടിയ അഡൈ്വസറി കമ്മിറ്റി പാസ്സാക്കപ്പെട്ട, റീകൺവർഷൻ ചെയ്യുന്നവക്ക് ക്ലിപ്തകാലത്തേക്ക് സൗജന്യം നൽകാൻ പാടില്ലെന്ന ചെയ്യ, തീരുമാനം പുനഃപരിശോധന ചെയ്യണമെന്ന് ഏതെങ്കിലും അവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു എന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ലഭിക്കാവുന്ന എന്തെങ്കിലും സൗജന്യങ്ങൾം—പ്രാതിനിധ്യം—അവശസമുദായ കുസ്ൃാനികംക്ക് ലഭിക്കുന്നതിനു് എന്തെങ്കിലും വ്യവസ്ഥ ഇന്നു നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) അങ്ങനെ ഒരു തീരുമാനമുണ്ടായിട്ടില്ല.

(ബി) അഡൈ്വസറി കമ്മിറ്റിയിൽനിന്നും ഒരു ഉപദേശം നിശ്ചയമായുപേണ ഗവൺമെൻറിലേക്ക് അയച്ചിട്ടുണ്ട്. ആ നിശ്ചയം അംഗീകരിക്കത്തക്കതല്ലെന്ന ഗവൺമെൻറ തീരുമാനിച്ചു.

(സി) അങ്ങനെ, അവശസമുദായ കുസ്ൃാനികംക്ക് പ്രത്യേകമായ വ്യവസ്ഥകളൊന്നുമില്ല. വിദ്യാഭ്യാസ സംബന്ധമായി പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ കൂട്ടത്തിൽ അവരേയുംകൂടി ഉൾപ്പെടുത്തി അവർക്കും ഫീസ് സൗജന്യത്തിനു് അവകാശപ്പെടാമെന്ന ഗവൺമെൻറ തീരുമാനിച്ചിട്ടുണ്ട്. അതനുവദിക്കുന്നുമുണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഫീസ് സൗജന്യവിഷയത്തിൽ പിന്നോക്ക സമുദായമായി ഏതെങ്കിലും സമുദായത്തെ പരിഗണിക്കുന്നതു് എന്തടിസ്ഥാനത്തിലാണ്?

ശ്രീ. സി. കേശവൻ: പ്രധാനമായി അഡൈ്വസറി ബോർഡിൻെറ ഉപദേശം അനുസരിച്ചാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ വിദ്യാഭ്യാസ സൗജന്യങ്ങൾം നൽകണമെന്ന നിശ്ചയിക്കുന്നതു് ഏതടിസ്ഥാനത്തിലാണ്?

ശ്രീ. സി. കേശവൻ: ജനങ്ങളുടെ സാമ്പത്തികവും, സാമുദായികവും, സാമൂഹ്യവുമായ പരാധീനതകളെ നോക്കിയാണ് നിശ്ചയിക്കുന്നതു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അവരുടെ ജനസംഖ്യ നോക്കിയല്ലേ നിശ്ചയിക്കുന്നതു്?

ശ്രീ. സി. കേശവൻ: ജനസംഖ്യ കൂടിയവക്ക് കൂടുതലും കുറവുള്ള സമുദായങ്ങൾക്ക് കുറവായും ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly